**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത കുട്ടികളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ടോ: വിശദാംശങ്ങൾ നൽകാമോ? | (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് 2021-22 അധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ക്യാമ്പയിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം സ്കൂൾ തലത്തിൽ അധ്യാപകരുടെയും പി.റ്റി.എ.യുടേയും നേതൃത്വത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളുടെ കണക്കെടുപ്പ് നടത്തി വരികയാണ് . സ്കൂൾതലത്തിൽ ശേഖരിക്കുന്ന കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്രോഡീകരിച്ച് ജില്ലാ തലത്തിലും, ജില്ലാ തലത്തിൽ ക്രോഡീകരിച്ച കണക്ക് സംസ്ഥാന തലത്തിലും പൂർത്തീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ